ഉത്തരം

(എ) ഓമാനൂർ പി. എച്ച്. സി. സി. എച്ച്. സി. ആയി ഉയർത്തിയിട്ടില്ല.

(ബി) ഉണ്ട്. ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവുണ്ട്.

(സി) ഒഴിവുള്ള ഡോക്ടറുടെ തസ്തികയിൽ ഇപ്പോൾ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരാൾ ജോലി നോക്കുന്നുണ്ട്. പി. എസ്. സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് സ്ഥിരനിയമനം നടത്തി ഡോക്ടറുടെ ഒഴിവു നികത്തുന്നതാണ്.

ജോലിക്ക് ഹാജരാകാത്ത ആംബുലൻസ് ഡ്രൈവർമാർക്കെതിരെ നടപടി

129 [3828] *ശ്രീ. ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ആംബുലൻസുകളിലെ ഡ്രൈവർമാർ ജോലിക്ക് ഹാജരാകാത്തതുമൂലം രോഗികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) ജോലിക്ക് ഹാജരാകാത്ത ഡ്രൈവർമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) & (ഡി) ബാധകമല്ല.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസന പ്രവർത്തനം

130 [3829] *ശ്രീ. എ. സുജനപാൽ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്; ഓരോ പ്രവർത്തിക്കും എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രവർത്തികൾ എന്നു പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) & (ബി) വിശദമായ ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) പ്രസ്തുത പ്രവർത്തികൾ നാലുമാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ നൽകുന്നതിന് നടപടി

131 [3830] *ശ്രീ. എ. സുജനപാൽ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2004-2005 വർഷത്തിൽ ഏതെല്ലാം മരുന്നുകളാണ് സപ്ലൈ ചെയ്തിട്ടുള്ളത്; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ആവശ്യമായ മരുന്നുകൾ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ മരുന്നുകൾക്ക് ക്ഷാമം ഉള്ളതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത കേന്ദ്രത്തിൽ മരുന്നുകൾ ആവശ്യത്തിനനുസരിച്ച് ആശുപത്രി സൂപ്രണ്ടിന് ഡി.പി.സി. റേറ്റ് കോൺട്രാക്ടറിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്.

(ബി) 2004-05 വർഷത്തിൽ ജില്ലാ മെഡിക്കൽ സ്റ്റോറർവഴി നാളിതുവരെ വിതരണം ചെയ്ത മരുന്നുകളുടെ വിശദ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് സെൻട്രൽ പർച്ചേസ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന റേറ്റ് കോൺട്രാക്ടറിൽ നിന്നും നേരിട്ട് മരുന്നുകൾ വാങ്ങാൻ അധികാരമുള്ള ഉദ്യോഗസ്ഥനാണ്. കൂടാതെ സൂപ്രണ്ടിന് അത്യാവശ്യ ഘട്ടങ്ങളിൽ ലോക്കൽ പർച്ചേസ് മുഖേന സർക്കാർ നിശ്ചയിച്ചിരിക്കുന്ന സാമ്പത്തികാധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് മരുന്നുകൾ വാങ്ങാവുന്നതാണ്. ടി കേന്ദ്രത്തിൽ മരുന്നുകൾക്ക് ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly